(ബി) എസ്.ഐ. മാരുടെ ഒഴിവുകൾ 50% പി.എസ്.സി. വഴി നേരിട്ടും 50% പ്രമോഷൻ വഴിയുമാണ് നികത്തുന്നത്. എ.എസ്.ഐ. മാരുടെ തസ്തികയിലേയ്ക്ക് പ്രമോഷനിലൂടെയാണ് ഒഴിവുകൾ നികത്തുന്നത്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ. എ. പി. 4 ബറ്റാലിയനിലെ കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി

143 (3775) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലുള്ള കെ. എ. പി.4 ബറ്റാലിയനിലെ കോൺസ്റ്റബിൾമാരുടെ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ പരിശീലനത്തിന് വിളിച്ചുവെന്നും ബാക്കി എത്രപേരെ വിളിക്കാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഒഴിവുകൾ ഉണ്ടായിട്ടും പരിശീലനത്തിന് വിളിക്കാൻ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) 102 പേരെ ശുപാർശ ചെയ്യുകയും, മെഡിക്കൽ ടെസ്റ്റും വെരിഫിക്കേഷനും കഴിഞ്ഞ 96 പേർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തതിൽ 83 പേർ 14-3-2003-ൽ ആരംഭിച്ച ട്രെയിനിങ്ങിൽ ഹാജരാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ ഒരു ബാച്ചിന്റെ ട്രെയിനംഗ് നടന്നുവരികയാണ്. പുതുതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് അടുത്ത ട്രെയിനിംഗിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്.

തെരഞ്ഞെടുപ്പ് പരിഷ്ക്കരണത്തെക്കുറിച്ച് പുതിയ നിർദ്ദേശങ്ങൾ

144 (3778) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരഞ്ഞെടുപ്പ് പരിഷ്ക്കരണത്തെക്കുറിച്ച് പുതിയ നിർദ്ദേശങ്ങൾ എന്തെങ്കിലും സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഇലക്ഷൻ കമ്മിഷന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തെരഞ്ഞെടുപ്പ് പരിഷ്ക്കരണങ്ങൾ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നത് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിഷനും കേന്ദ്ര സർക്കാരും ആയതിനാൽ ഇതുസംബന്ധിച്ച് ഒരു നിർദ്ദേശവും പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly